# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6160** **04.07.2019-ൽ മറുപടിയ്ക്ക്**

## ഫിഷർമെൻ സ്കോളർഷിപ്പ്

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന ഫിഷർമെൻ സ്കോളർഷിപ്പ് പോലെയുള്ള ആനുകൂല്യങ്ങൾ നടപടി ക്രമങ്ങളിലെ പ്രശ്നങ്ങളും ഉദ്യോഗ സ്ഥരുടെ ഭാഗത്തുനിന്നുണ്ടാവുന്ന അനാസ്ഥയും മൂലം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം നടപടിക്രമങ്ങളിലെ പ്രശ്നങ്ങളും ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുണ്ടാകുന്ന അനാസ്ഥയും മൂലം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ ന്യൂനതകൾ മൂലവും സ്ഥാപനങ്ങൾ യഥാസമയം ആനുകൂല്യത്തിനായുള്ള ക്ലെയിമുകൾ അയക്കാത്തതു കൊണ്ടും ഏതാനും ചില വിദ്യാർത്ഥികളുടെ ആനുകൂല്യം വൈകിയതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെടുകയും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ? | ബി) വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലേക്കുമായി നിലവിൽ പോസ്റ്റ് മെട്രിക് തലം മുതലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഫിഷറീസ് വകുപ്പിന്റെ ഇ-ഗ്രാന്റ്സ് പദ്ധതി മുഖേന ഓൺലൈൻ ആയാണ് നൽകുന്നത്. ഏതെങ്കിലും തരത്തിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**